(ബി) എങ്കിൽ ഭരണസമിതിയുടെ തീരുമാനവും, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയും ഉണ്ടായിട്ടും, ഇതുവരെ ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിച്ചുവരികയാണ്.

ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ജൂനിയർ സൂപ്രണ്ട് തസ്തികകൾ

231 (1603) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ഉദ്യോഗസ്ഥ അനുപാതം വിശദമാക്കുമോ ;

(ബി) ഏത്ര പഞ്ചായത്തിലാണ് ജൂനിയർ സൂപ്രണ്ട് തസ്തികകൾ അനുവദിച്ചതെന്ന് അറിയിക്കുമോ ; ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) അർഹതയുള്ള ഏത്ര പഞ്ചായത്തുകൾക്കാണ് ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാൻ ബാക്കിയുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ഡി) അർഹതയുള്ള എല്ലാ പഞ്ചായത്തിലും ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ അനുപാതം പ്രത്യേകമായി നിശ്ചയിച്ചിട്ടുള്ളതായി കാണുന്നില്ല.

(ബി) 374

6-ഉം അതിലധികമോ ക്ലാർക്കുമാർക്ക് ഒരു ജൂനിയർ സൂപ്രണ്ട് . എന്ന അനുപാതത്തിൽ.

LIBRARY ARCHIVES Kerala Legislative Assembly

(സി)

തിരുവനന്തപുരം	32
കൊല്ലം	32
പത്തനംതിട്ട	42
ആലപ്പുഴ	51
കോട്ടയം	45
ഇടുക്കി	41
എറണാകുളം	59
തൃശ്ശൂർ	44
പാലക്കാട്	59
മലപ്പുറം	62
കോഴിക്കോട്	42
വയനാട്	8
കണ്ണൂർ	59
കാസർഗോഡ്	28

(ഡി) സംസ്ഥാനത്ത് ആറും അതിൽ കൂടുതലും ക്ലറിക്കൽ തസ്തികകളുള്ള 520 ഗ്രാമപഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്ക് തസ്തിക ഒഴിവാക്കി ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

വിവാഹ രജിസ്ട്രാർ ജനറൽ

232 (1604) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിവാഹ രജിസ്ട്രാർ ജനറൽ എന്ന തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly